# Deepika

# 19 August 2018

# Kerala Flood

## രാഷ്ട്രീയം വെടിയാം, ഏകോപനം സുഗമമാകട്ടെ

പ്രതീക്ഷിച്ചതിന്റെ പല മടങ്ങായിരുന്നു ആഘാതം. ആറന്മുളയിലും ആലുവയിലും ചെങ്ങന്നൂരും പന്തളത്തും കുട്ടനാട്ടിലുമൊക്കെ ജലനിരപ്പ് ഇത്രയും ഉയരുമെന്ന് ആരും വിചാരിച്ചില്ല. ഈ കടുത്ത പ്രതിസന്ധിയെ നേരിടാൻ എല്ലാവരും പരിശ്രമിച്ചു. പക്ഷേ, അതൊന്നും പോരായിരുന്നുവെന്ന് നഷ്ടക്കണക്കുകൾ നമ്മെ ബോധ്യപ്പെടുത്തുന്നു. ഔദ്യോഗിക കണക്കനുസരിച്ചു മരണം ഓഖി ദുരന്തത്തെയും കവച്ചുവച്ചു. വസ്തുവകകളുടെ നഷ്ടക്കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല. വെള്ളമിറങ്ങിയാലും ദുരിതപ്പെരുമഴ പെയ്തുകൊണ്ടിരിക്കും.

വടക്കൻ ജില്ലകളിൽ മഴയ്ക്കല്പം ശമനമുണ്ടായപ്പോൾ ജലനിരപ്പ് താഴ്ന്നിട്ടുണ്ടെങ്കിലും തെക്കൻ ജില്ലകളിലെ സ്ഥിതി അതല്ല. ആലപ്പുഴയും പത്തനംതിട്ടയും കോട്ടയവുമൊക്കെ പ്രളയത്തിന്റെ പിടിയിലാണ്. കുട്ടനാട്ടിൽ ജലനിരപ്പ് ഉയർന്നുനിൽക്കുന്നു. കടൽ പ്രക്ഷുബ്ധമല്ലെങ്കിലും വെള്ളം കാര്യമായി തള്ളിപ്പോകുന്നില്ല.

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കു മുഖ്യമന്ത്രിയും മന്ത്രിമാരും നേരിട്ടു നേതൃത്വം നൽകുന്നു. പ്രധാനമന്ത്രിയും കേരളം സന്ദർശിച്ചു. പ്രളയക്കെടുതിയുടെ ആഘാതം ഇനി ആരെയും ബോധ്യപ്പെടുത്തേണ്ടതില്ല. പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും രാഷ്ട്രീയം മാറ്റിവച്ച് ജനങ്ങൾക്കുവേണ്ടി ആവുന്നതെല്ലാം ചെയ്യുകയാണു വേണ്ടത്. ആരും ആരെയും മാറ്റിനിർത്തേണ്ടതില്ല. എല്ലാവരും ഒന്നുചേർന്നു നേരിടുകയാണു വേണ്ടത്. ഏകോപനത്തിലെ വീഴ്ചകൾ തീർച്ചയായും ഒഴിവാക്കേണ്ടതായിരുന്നു. ഇനിയെങ്കിലും ഏകോപനം കൂടുതൽ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പാക്കണം. ഇന്നലെയും നിരവധി ദുരിതാശ്വാസകേന്ദ്രങ്ങളിൽ പരാതിപ്രളയമുണ്ടായി.

ദുരിതാശ്വാസപ്രവർത്തനങ്ങളിൽ കേന്ദ്രവും സംസ്ഥാനവും ഒറ്റക്കെട്ടായി നിൽക്കണം. ദേശീയ ദുരന്തനിവാരണ അഥോറിറ്റിയാണ് ഇത്തരം സന്ദർഭങ്ങളിൽ ദുരിതാശ്വാസ, ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ ഉണ്ടാകേണ്ടത്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ അതോടനുബന്ധിച്ചു പ്രവർത്തിക്കണം. പ്രോട്ടോക്കോളിനും നിയമങ്ങൾക്കും ചട്ടങ്ങൾക്കുമപ്പുറം മനുഷ്യജീവനാണു വലുതെന്ന വസ്തുത വിസ്മരിക്കാതെ വേണം ദുരന്തനിവാരണ യത്നങ്ങളിലേർപ്പെടാൻ.

വേണ്ട നിർദേശം കിട്ടാതിരുന്നതിനാൽ ദേശീയ ദുരന്തനിവാരണ സേനയുടെ ഒരു സംഘം ഇന്നലെ ചെങ്ങന്നൂരിൽ ഒരു പകൽ മുഴുവൻ വെറുതേയിരിക്കേണ്ടിവന്നു. വിലപ്പെട്ട സമയമാണ് ഏകോപമില്ലായ്മമൂലം ഇപ്രകാരം നഷ്ടമാകുന്നത്. രക്ഷാപ്രവർത്തനത്തിൽ സൈന്യത്തിന്റെ സേവനം കൂടുതലായി ആവശ്യമെങ്കിൽ അതു തേടാൻ മടി കാട്ടരുത്. ചില ദുരന്തമേഖലകളിൽ അവർക്കു മാത്രം കൈകാര്യം ചെയ്യാവുന്ന കാര്യങ്ങളുണ്ട്. അതിനുള്ള പ്രത്യേക പരിശീലനവും സാമഗ്രികളും അവർക്കേ ഉണ്ടാവൂ.

**പ്രളയാനന്തര ദുരന്ത നിവാരണം ഏറെ പ്രധാനമാണ്. അതിനും സൈന്യത്തിന്റെ സേവനം ഉപയോഗിക്കാവുന്നതാണ്. പലേടത്തും റോഡുകളും പാലങ്ങളും ഒഴുകിപ്പോയിട്ടുണ്ട്. ഇവിടെ താത്കാലിക പാലങ്ങൾ നിർമിക്കാനുള്ള സാങ്കേതികജ്ഞാനം സൈന്യത്തിനുണ്ട്.**

ചെങ്ങന്നൂരിലും പാണ്ടനാട്ടും കുട്ടനാടിന്റെ വിവിധ ഭാഗങ്ങളിലും പറവൂരിലും നിരവധിയാളുകൾ ഇപ്പോഴും കുടുങ്ങിക്കിടക്കുന്നുണ്ട്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ യാതൊരുവിധ വാർത്താവിനിമയ സൗകര്യവുമില്ലാതെ കഴിയുന്ന ഇവരെ രക്ഷിക്കാൻ പ്രത്യേകമായ ഇടപെടൽ ആവശ്യമായിവരും. സംസ്ഥാന പോലീസിന്റെയോ ഇതര വകുപ്പുകളുടെയോ പക്കൽ ഇതിനുള്ള സന്നാഹങ്ങൾ പരിമിതമാണ്. അത്തരം സന്ദർഭങ്ങളിലാണ് സൈന്യത്തിന്റെ സേവനം പ്രാധാന്യമർഹിക്കുന്നത്. സുനാമി ആഞ്ഞടിച്ചപ്പോൾ സൈന്യം ചെയ്ത സേവനം ഏറെ ഫലവത്തായിരുന്നു. അന്ന് പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻസിംഗിന് ഇന്ത്യൻ സേനയുടെ ഈ കരുത്തിനെക്കുറിച്ച് അഭിമാനപൂർവം ലോകത്തോടു പറയാനായി.

ഇത്തരമൊരു ദുരന്തസാഹചര്യത്തിൽ വീഴ്ചകൾ പറഞ്ഞുകൊണ്ടിരിക്കുന്നതിൽ അർഥമില്ല. അസാധാരണ സാഹചര്യങ്ങളിൽ ഏതു കോണിൽനിന്നുമുള്ള സഹായം സ്വീകരിക്കുകയാണു കരണീയം. ഈയിടെ തായ്‌ലൻഡിലെ തം ലുവാംഗ് ഗുഹയിൽ അകപ്പെട്ട കൗമാരക്കാരായ 12 ഫുട്ബോൾ താരങ്ങളെയും കോച്ചിനെയും അദ്ഭുതകരമായി രക്ഷപ്പെടുത്തിയ സംഭവം ലോകശ്രദ്ധ ആകർഷിച്ചിരുന്നു. വിവിധ രാജ്യങ്ങളിൽനിന്നുള്ള രക്ഷാപ്രവർത്തകർ ആ ദൗത്യത്തിൽ പങ്കെടുത്തിരുന്നു. അമേരിക്കയിൽ ആഞ്ഞടിച്ച കത്രീന കൊടുങ്കാറ്റ് നിരവധിപേരുടെ ജീവനാണെടുത്തത്. രക്ഷാപ്രവർത്തനങ്ങൾക്ക് ആധുനിക സംവിധാനങ്ങളെല്ലാമുണ്ടായിരുന്ന രാജ്യമായിട്ടും നിരവധി പേർക്കു ജീവൻ നഷ്ടപ്പെട്ടു. കാലാവസ്ഥാ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ, കൊടുങ്കാറ്റു ബാധിക്കാവുന്ന പ്രദേശങ്ങളിൽനിന്ന് ഒഴിഞ്ഞുപോകാനുള്ള അധികൃതരുടെ നിർദേശം ചെവിക്കൊള്ളാതിരുന്നവരാണ് കൂടുതലും അപകടത്തിൽപ്പെട്ടത്. കേരളത്തിലും ഇത്തവണയുണ്ടായ പേമാരിയിൽ ഒറ്റപ്പെട്ടുപോയ പലരും പ്രളയജലം ഇത്രയും ഉയരില്ലെന്നുള്ള കണക്കുകൂട്ടലിൽ കാത്തിരുന്നവരാണ്. കുട്ടനാട്ടിൽ ഇന്നലെവരെ ഇപ്രകാരം കാത്തിരുന്നവരുണ്ടായിരുന്നു. ജലനിരപ്പ് അസാധാരണമായി ഉയർന്നപ്പോഴാണ് പലരും പരിഭ്രാന്തിയോടെ സ്ഥലംവിടാൻ തീരുമാനിച്ചത്.